പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സംസ്ഥാനത്ത് ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 54 പഞ്ചായത്തുകളിലാണ് ഡ്രൈവർ തസ്തിക നിലവിലുണ്ടായിരുന്നത്. വാഹനമുള്ള മറ്റു ഗ്രാമപഞ്ചായത്തുകളിൽ തസ്തിക ഇല്ലാതിരുന്നതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലികമായാണ് ഡ്രൈവർമാരെ നിയമിച്ചിരുന്നത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റികളാണ് ഈ ഡ്രൈവർമാരെ നിയമിച്ചിട്ടുള്ളത്. 25-2-2014-ലെ സർക്കാർ ഉത്തരവ് നമ്പർ 51/2014 തദ്ദേശസ്വയംഭരണ വകുപ്പ് പ്രകാരം തിരുവനന്തപുരം-3, ആലപ്പുഴ-3, കോട്ടയം-31, ഇടുക്കി-11, മലപ്പുറം-9, കോഴിക്കോട്-40 എന്നിങ്ങനെ 91 ഗ്രാമ പഞ്ചായത്തുകളിലായി 97 ഡ്രൈവർ തസ്തികകൾ അനുവദിക്കുകയുണ്ടായി. ടി തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തിയ സാഹചര്യത്തിലാണ് ടി ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരെ പിരിച്ചുവിടാനുള്ള സാഹചര്യം ഉണ്ടായത്. നിയമപരമായി ഇങ്ങനെ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. മറ്റ് ജില്ലകളിലേക്കും പി.എസ്.സി. ലിസ്റ്റ് വരുമ്പോൾ അതിനനുസരിച്ച് വീണ്ടും ഇതുപോലെയുള്ള പിരിച്ചുവിടൽ പ്രതീക്ഷിക്കുകയാണ്. പക്ഷെ എങ്ങനെ ഇവരെ സംരക്ഷിക്കാൻ സാധിക്കുമെന്നുള്ളത് മുഖ്യമന്ത്രി അടക്കമുള്ളവരുമായി ചർച്ച ചെയ്ത് വേറെ ഏതെങ്കിലും മാർഗ്ഗമുണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

(20) മുതലമട പഞ്ചായത്തിൽ കാൻസർ രോഗം

ശ്രീ. വി. ചെന്താമരാക്ഷൻ: നെന്മാറ നിയോജക മണ്ഡലത്തിലെ മുതലമട പഞ്ചായത്തിലെ മാവിൻതോപ്പുകളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമൂലം ആ പ്രദേശത്ത് വൻതോതിൽ കാൻസർ രോഗം വരുന്നതായും ജനിതക വൈകല്യത്തോടെ കുട്ടികൾ ജനിക്കുന്നതായും ആക്ഷേപമുണ്ട്. ഇതുസംബന്ധിച്ച് കഴിഞ്ഞ നിയമസഭാ യോഗത്തിൽ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 29-10-2014-ൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നും ഒരു മെഡിക്കൽ സംഘം മുതലമട പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്യാമ്പ് സംഘടിപ്പിച്ചു. ആ മെഡിക്കൽ സംഘം നൽകിയ റിപ്പോർട്ടിൽ പറയുന്നത് പരിശോധനയ്ക്ക് വിധേയമായവരിൽ 29 ഓളം പേർക്കും കഴപ്പുങ്ങളുണ്ടെന്നും കൃത്യമായി എണ്ണം കൊണ്ടാണ് അത് സംഭവിക്കുന്നതെന്ന് പറയാൻ കഴിയില്ലെന്നും അതുകൊണ്ട് വിശദമായ പരിശോധന ആവശ്യമാണെന്നുമാണ്. മുതലമട, കൊല്ലങ്കോട്, ഇലവഞ്ചേരി പഞ്ചായത്തുകളിൽ വീടുവീടാന്തരം പരിശോധന നടത്തണം. ആക്ഷേപം ശരിയാണെങ്കിൽ ശക്തമായ നടപടിയുണ്ടാകണം. കാസർഗോഡ് എൻഡോസൾഫാൻമൂലം ആളുകൾ അനുഭവിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം പാലക്കാട് ആവർത്തിക്കാൻ സമ്മതിക്കില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഊഹാപോഹങ്ങൾ പ്രചരിച്ചു കൊണ്ടിരിക്കുകയാണ്. മുതലമട ഗ്രാമപഞ്ചായത്ത് തെക്കേ ഇന്ത്യയിൽ മാമ്പഴം ഉല്പാദിപ്പിക്കുന്ന പ്രധാനപ്പെട്ട കേന്ദ്രമാണ്. കോടിക്കണക്കിനു രൂപയുടെ വിറ്റുവരവാണ് ആ പ്രദേശത്തുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണമായ രീതിയിൽ ജീവിച്ച ആളുകൾ മാവിൻകൃഷി ആരംഭിച്ചതോടുകൂടി സാമ്പത്തികമായി മെച്ചപ്പെട്ടു. ആ കൃഷിയെ നശിപ്പിക്കുന്ന രീതിയിലുള്ള പ്രചരണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിൽ വസ്തുത എന്താണെന്ന് പരിശോധിച്ച് അതിനെ സംബന്ധിച്ച കൃത്യമായ നിഗമനത്തിലെത്താൻ കഴിയണം. എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണെങ്കിൽ അത് തടയണം. അതല്ലെങ്കിൽ മാവുകൃഷി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ശരിയായ നിലപാടിലെത്താനും വളരെ വിശദമായ പരിശോധന നടത്താനും പാലക്കാട് ജില്ലയിൽ മന്ത്രിതന്നെ ഒരു യോഗം വിളിച്ചുകൂട്ടുന്നത് നന്നായിരിക്കും. പാലക്കാട് ജില്ലയുടെ വിവിധ പഞ്ചായത്തുകളിൽ ഇതിനെ സംബന്ധിച്ചുള്ള പരിശോധന നടത്തണമെന്ന് മെഡിക്കൽ സംഘം ഗവൺമെന്റിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലയിലെ ഒരു പ്രശ്നമെന്ന നിലയിൽ മന്ത്രി ഒരു യോഗം വിളിച്ചുകൂട്ടി ഈ വിഷയം ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ ആവശ്യം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>): പാലക്കാട് മുതലമട ഗ്രാമപഞ്ചായത്തിലെ മാവിൻതോപ്പിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിക്കുന്നതുമൂലം പ്രദേശത്ത് വൻതോതിൽ കാൻസർ രോഗം വരുന്നതായോ ജനിതകവൈകല്യത്തോടെ കുട്ടികൾ ജനിക്കുന്നതായോ ആരോഗ്യ വകുപ്പിന്റെ പ്രാഥമിക പരിശോധനയിൽ സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട പഠനത്തിനുവേണ്ടി തൃശ്ശൂർ മെഡിക്കൽ കോളേജിനെ ചുമതലപ്പെടുത്തിയിരുന്നു. 29-10-2014-ൽ നടന്ന മെഡിക്കൽ ക്യാമ്പിലും ഇക്കാര്യം സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. വിദഗ്ധപഠനങ്ങളിലൂടെ മാത്രമേ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ കഴിയുള്ളുവെന്ന് മെഡിക്കൽ കോളേജ് അധികൃതരും മലബാർ കാൻസർ സെന്റർ അധികൃതരും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുതലമട ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ കാൻസർ രോഗം ബാധിക്കുന്നത് എൻഡോസൾഫാൻ കീടനാശിനി ഉപയോഗം മൂലമാണോയെന്ന് സ്ഥിരീകരിക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. ആരോഗ്യ-പരിസ്ഥിതി-കൃഷി വകുപ്പുകളുടെ സംയുക്ത പഠനത്തിലൂടെ മാത്രമേ ഇതുസംബന്ധിച്ച സ്ഥിരീകരണം സാദ്ധ്യമാവുകയുള്ളൂ. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് ഒരു വിദഗ്ധപഠനം നടത്തുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ട് മന്ത്രിമാർ ഉൾപ്പെടുന്ന ഒരു യോഗം പാലക്കാട് വിളിച്ചുചേർക്കുന്നതാണ്.